പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1031 05/03/2018-ൽ മറുപടിക്ക്

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി. ദിവാകരൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ എൽ.പി/യു.പി സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ: | (എ) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശനിയമം 2009 പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1 മുതൽ 5 വരെ ക്ലാസുകളിൽ 1:30 ഉം 6 മുതൽ 8 വരെ ക്ലാസുകളിൽ 1:35 ഉം ആണ്. |
| (ബി) സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ കുറഞ്ഞത് മൂലം അദ്ധ്യാപകരുടെ എണ്ണം കൂടുതലുള്ള സ്കൂളുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>(സി) എങ്കിൽ അവയുടെ വിശദാംശം നൽകുമോ?. | (ബി)യും (സി)യും<br>ഇല്ല. വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറവാണെങ്കിലും മിനിമം എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തികകൾ അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കാതിരുന്നാൽ അത് വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തെ നിഷേധിക്കലാകും. വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 25-ൽ, നിർദ്ദേശിക്കുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം സ്കൂളുകളിൽ നിർബന്ധമായും നടപ്പിലാക്കണമെന്ന് പരാമർശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ